DESPATCHED
On 2/3/23...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP. 22(2)/2022/എസ്.ഐ.സി തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 239/എസ്.ഐ.സി-ജി6/2022)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ഡോ. ബിജി. എസ്. ആനന്ദ്,
ബിജി ഭവൻ,
നിയർ മാർക്കറ്റ്, മയ്യനാട് (പി.ഒ),
കൊല്ലം - 691 303.
} ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, എ.എ. റഹിം മെമ്മോറിയൽ ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, കൊല്ലം.
2. അപ്പീൽ അധികാരി & സൂപ്രണ്ട്, എ.എ. റഹിം മെമ്മോറിയൽ ഡിസ്ട്രിക്ട് ഹോസ്പിറ്റൽ, കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09/09/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06/10/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 16/10/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 10/11/2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 03/01/2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 06/01/2022 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 29/12/2022<br>കോൺഫറൻസ് ഹാൾ, കൊല്ലം കളക്ടറേറ്റ്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരനായ ഡോ. ബിജി. എസ്. ആനന്ദ് 03/01/2022 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 06/01/2022 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 22(2)/2022/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 09/09/2021 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ താഴെപ്പറയുന്ന വിവരങ്ങളാണ് ആവശ്യപ്പെട്ടത്:

1. ഉത്തരവ് നം. C2-1300/2020/ജി.മെ.ആ തീയതി 23/07/2020 എന്ന ഉത്തരവ് ടി ഓഫീസിൽ ലഭിച്ച തീയതി വ്യക്തമാക്കണമെന്നും
2. ചോദ്യം (1)ലെ DMO-യുടെ ഉത്തരവ് ലഭിച്ചത് പോസ്റ്റൽ ലെറ്റർ/ഇ-മെയിൽ ആയോ ആണോ എന്ന് വ്യക്തമാക്കണമെന്നും
3. ചോദ്യം (1)-ൽ പറഞ്ഞിരിക്കുന്ന ഉത്തരവ് ടി ആഫീസിൽ സ്വീകരിച്ച Inward register-ന്റെ പ്രസ്തുത പേജിന്റെ പകർപ്പും മറ്റുമായി 12 ഇനം വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 06/10/2021-ന് ഒന്നാം എതിർകക്ഷി ഹർജിക്കാരന് മറുപടിയും നൽകിയിട്ടുണ്ട്.

4. 16/10/2021 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 10/11/2021-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 17/02/2022 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഒന്നാം അപ്പീലിന് നൽകിയ മറുപടിയിലെ ക്രമ നമ്പർ 7, 9, 10 എന്നീ വിവരങ്ങൾക്കാണ് ടിയാൻ തൃപ്തികരമല്ല എന്ന് കാണിച്ച് രണ്ടാം അപ്പീൽ സമർപ്പിച്ചതെന്നും, ടിയാന് എസ്.പി.ഐ.ഒ തൃപ്തികരമായ മറുപടി നൽകിയിട്ടുണ്ടായിരുന്നുവെന്നും, ക്രമ നമ്പർ 10-ന് ടിയാന്റെ കണ്ടെത്തലുകൾ തെറ്റാണെന്നും, അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ കൃത്യമായി നൽകിയിട്ടുണ്ടെന്നുമാണ്. കൃത്രിമമായി രേഖകൾ ഉണ്ടാക്കിയെന്ന

ആരോപണം നിലനിൽക്കുന്നതല്ലെന്നും വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ട രേഖകൾ അപേക്ഷകന് നൽകിയിട്ടുണ്ടെന്നുമാണ്.

29/12/2022-ലെ റിപ്പോർട്ടിൽ ഒന്നാം എതിർകക്ഷി പറഞ്ഞിട്ടുള്ളത്, 16/10/2021 പ്രകാരം ഹർജിക്കാരൻ കൊല്ലം ജില്ലാ ആശുപത്രിയിലെ അപ്പീൽ അധികാരിയായ ഡോ.ഡി. വസന്തദാസിന് നൽകിയ അപേക്ഷയിൽ കൊറോണ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കോവിഡ് ആശുപത്രിയായി പ്രവർത്തനം ആരംഭിച്ച കൊല്ലം ജില്ലാ ആശുപത്രിയിലെ ജീവനക്കാരെ മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച് വിടുതൽ ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ച നമ്പർ ഇ 1-4265/2020 ജില്ലാ ആശുപത്രി, കൊല്ലം തീയതി 22/07/2020 ആണെന്നും, എന്നാൽ ഇൻവേർഡ് രജിസ്റ്ററിന്റെ പകർപ്പിൽ ഇതുമായി ബന്ധപ്പെട്ട രേഖപ്പെടുത്തിയ നമ്പർ 4831 ആണെന്നും, ഈ നമ്പർ വ്യത്യാസപ്പെടാനുള്ള കാരണം വ്യക്തമാക്കണമെന്നുമാണ് ആവശ്യപ്പെട്ടിരുന്നത്. ഇതുമായി ബന്ധപ്പെട്ട് ജില്ലാ ആശുപത്രിയിൽ ഈ ഫയൽ കൈകാര്യം ചെയ്തിരുന്ന ഇ 1 സെക്ഷനിൽ നിന്നും വിവരം രേഖാമൂലം 08/11/2021-ന് രേഖപ്പെടുത്തി വാങ്ങുകയും ആയതിന്റെ മറുപടി ടിയാന് നൽകിയിട്ടുണ്ടെന്നുമാണ്. 21/07/2020-ൽ ഓഫീസ് സമയത്തിന് ശേഷമാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലാ ആശുപത്രി കോവിഡ് ആശുപത്രി ആക്കിയതിനാൽ ജീവനക്കാരെ മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച് കൊണ്ടുള്ള ജില്ലാ മെഡിക്കൽ ഓഫീസറുടെ സി2-1300/2020/തീയതി, 21/07/2020 ഉത്തരവ് ജില്ലാ ആശുപത്രിയുടെ ഇ-മെയിലിൽ ലഭിക്കുന്നതെന്നും, പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാർ 22/07/2020 10 മണിയ്ക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട സ്ഥാപന മേധാവി മുമ്പാകെ സേവനത്തിൽ പ്രവേശിക്കുന്നതിലേയ്ക്കായി ഹാജരാകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നുമാണ്. ടി ഉത്തരവ് കൈപ്പറ്റുന്നതിനായി ബന്ധപ്പെട്ട ജീവനക്കാർ ഓഫീസിൽ രാവിലെ എത്തിയതിനാൽ മെയിലിൽ നിന്നും നേരിട്ട് ഉത്തരവ് എടുക്കുകയും സൂപ്രണ്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം സംബന്ധിച്ച കറന്റ് ഫയൽ നിലനിൽക്കുന്നതിനാൽ ഇ 1-4265/202 ആയ ഫയലിൽ വിടുതൽ ഉത്തരവ് നൽകുകയും ജീവനക്കാർ ടി ഉത്തരവ് ഓഫീസിൽ നിന്നും കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെന്നുമാണ്.

അടിയന്തിര പ്രാധാന്യമുള്ള തപാൽ ആയതിനാലാണ് ടി തപാൽ Inward Register-ൽ ഉൾക്കൊള്ളിക്കുന്നതിന് മുമ്പ് തന്നെ കറന്റ് ഫയലിൽ ഉത്തരവ് നൽകിയതെന്നും, പിന്നീട് പതിവ് രീതിയിൽ തപാൽ മാർഗ്ഗം Inward Register-ൽ ഉൾക്കൊള്ളിക്കുകയും ചെയ്തുവെന്നുമാണ് (Inward Register No. 4831) പ്രസ്താവിച്ചിട്ടുള്ളത്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും ഹർജിക്കാരൻ ആവശ്യപ്പെട്ട ലഭ്യമായ വിവരങ്ങൾ ടിയാൻ നൽകിയിട്ടുള്ളതായി കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023 ഫെബ്രുവരി 13-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV